**"CORRUPTION, A CRIME AGAINST NATION"**

വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 27 .03. 2023

**"OPERATION HEALTH-WEALTH ":-സംസ്ഥാന ഭക്ഷ്യസുരക്ഷ വകുപ്പുകളിലെ അഴിമതി കണ്ടെത്തുന്നതിനായി വിജിലൻസിന്റെ സംസ്ഥാന വ്യാപക മിന്നൽ പരിശോധന**

സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ചില ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി മേന്മ കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ വിപണിയിൽ വില്ക്കുന്നതിന് ഒത്താശ ചെയ്ത് കൊടുക്കുന്നതായി വിജിലൻസിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിലാണ് **"OPERATION HEALTH-WEALTH ":-** എന്ന പേരിൽ ഇന്ന് (27.03.2023) രാവിലെ 11.00 മണി മുതൽ സംസ്ഥാന ഭക്ഷ്യ സുരക്ഷ കമ്മീഷണറുടെ കാര്യാലയത്തിലും പതിനാല് ജില്ലകളിലേയും അസി. ഭക്ഷ്യ സുരക്ഷാ കമ്മീഷണർമാരുടെയും ഓഫീസുകളിലും തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഭക്ഷ്യസുരക്ഷാ ലാബുകളിലും ഓരേ സമയം മിന്നൽ പരിശോധന നടത്തുന്നത്.

ഭക്ഷ്യ സുരക്ഷ ലാബുകളിൽ നിന്നും unsafe ,substandard/misbanned എന്നീ റിസൽട്ട് ലഭിക്കുന്ന ഭക്ഷ്യ വസ്തുക്കളുടെ നിർമ്മാതാക്കൾക്കെതിരെയുള്ള നടപടികൾ ഒഴിവാക്കുന്നതിലേയ്ക്കാണ് ചില ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങുന്നതെന്ന് രഹസ്യ വിവരം വിജിലൻസിന് ലഭിച്ചിരുന്നു.

ഫീൽഡ് പരിശോധനാവേളയിൽ ചില ഉദ്യോഗസ്ഥർ ശേഖരിക്കുന്ന സാമ്പിളുകൾ ലാബ് പരിശോധനാ വേളയിൽ unsafe/substandard/misbanned എന്ന് റിൽസർട്ട് കിട്ടിയാൽ ചില ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി, വീണ്ടും സാമ്പിളുകൾ ശേഖരിക്കാതെ നിയമപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു.

ഓരോ വർഷവും മാർച്ച് 31-നകം അതാത് സാമ്പത്തിക വർഷം വിറ്റുപോയ ഭക്ഷ്യ വസ്തുക്കളുടെ അളവ് ഭക്ഷ്യ സുരക്ഷാ ഓഫീസർക്ക് ഫയൽ ചെയ്യണമെന്നും അല്ലാത്ത പക്ഷം ദിനംപ്രതി 100/- രൂപാ വീതം ഫൈൻ ഈടാക്കണമെന്നും ഭക്ഷ്യസുരക്ഷാ നിയമം അനുശാസിക്കുന്നു. എന്നാൽ സംസ്ഥാനത്തിനകത്ത് ഭക്ഷണ വസ്തുക്കൾ വില്ക്കുന്നതിന് ലൈസൻസ് എടുത്തിട്ടുള്ള മുന്നൂറോളം ലൈസൻസികളിൽ വെറും 25% പേർ മാത്രമേ റിട്ടേൺ ഫയൽ ചെയ്യുന്നുള്ളുവെന്നും രഹസ്യ വിവരം ലഭിച്ചിട്ടുള്ളതാകുന്നു. ആയവ പരിശോധിക്കുന്നതിനാണ് **"OPERATION HEALTH-WEALTH"** എന്ന പേരിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധന നടത്തുന്നത്.

വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം.ഐ.പി.എസ്-അവർകളുടെ ഉത്തരവ് പ്രകാരം വിജിലൻസ് ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ശ്രീമതി.ഹർഷിത അട്ടല്ലൂരി.ഐ.പി.എസ്-ന്റെ മേൽനോട്ടത്തിൽ നടത്തുന്ന സംസ്ഥാനതല മിന്നൽ പരിശോധനയിൽ പോലീസ് സൂപ്രണ്ട് (ഇന്റ്) ശ്രീ.ഇ.എസ്.ബിജുമോൻ നേതൃത്വം നൽകി വരുന്നു. സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും മിന്നൽ പരിശോധനയിൽ പങ്കെടുത്തു വരുന്നു.